**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2188** **20-01-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി കെ അബ്ദു റബ്ബ്** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കേരളത്തിലെ ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ രണ്ട് ഒഴിവുകളും കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു ഒഴിവും നിലവിലുണ്ട്. |
| (ബി) | വർക്കിംഗ് അറേഞ്ച്മെന്റ്/അക്കോമഡേഷൻ വ്യവസ്ഥയിൽ ഏതെങ്കിലും അനസ്തേഷ്യ പ്രൊഫസർമാർ മറ്റ് മെഡിക്കൽ കോളേജുകളിൽ ജോലി നോക്കുന്നുണ്ടോ; ഏതെല്ലാം കോളേജുകളിൽ എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗം പ്രൊഫസറായ ഡോ.മായ.ജി, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം പ്രൊഫസർ തസ്തികയിൽ അക്കോമഡേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നു. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ പ്രൊഫസറായ ഡോ.ലിനറ്റ് ജെ മോറിസ് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നു. |
| (സി) | വർക്കിംഗ് അറേഞ്ച്മെന്റ് /അക്കോമഡേഷൻ മൂലം ഒഴിഞ്ഞു കിടക്കുന്ന അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | വർക്കിംഗ് അറേഞ്ച്മെന്റ് /അക്കോമഡേഷൻ അനുവദിക്കുന്നത് ഭരണപരമായ സൗകര്യങ്ങൾക്ക് വേണ്ടിയാണ് എന്നതിനാൽ തന്നെ ഇത്തരത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ ഡി.പി.സി മുഖേന നികത്താൻ നിലവിൽ വ്യവസ്ഥകളില്ല. |

സെക്ഷൻ ഓഫീസർ